പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3800
24.06.2014 ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ട് അനുവദിക്കുന്നതിലെ വീഴ്ച**

**ചോദ്യം** | **ഉത്തരം**

**ശ്രീ.പി.തിലോത്തമൻ എം.എൽ.എ.** | **ശ്രീ.കെ.എം.മാണി**(ബഹു.ധനകാര്യവും നിയമവുംഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മണ്ഡലം ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതു സംബന്ധിച്ച എം.എൽ.എ. മാരുടെ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിൽ ഫയലായി എത്തുമ്പോൾ സാങ്കേതികമായി ഉണ്ടാകുന്ന സംശയങ്ങൾ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ ഒരുമിച്ച് ഒരു മേശയ്ക്കു ചുറ്റുമിരുന്നാൽ ഏതാനും മണിക്കൂറുകൾ കൊണ്ടു പരിഹരിക്കാവുന്നതാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; | മണ്ഡലം ആസ്തി വികസന പദ്ധതിയിൻ കീഴിൽ വിഭാവന ചെയ്യുന്ന പ്രവൃത്തികൾ സാങ്കേതികത്വം ഉള്ളവയും താരതമ്യേന കൂടുതൽ അടങ്കൽ തുകയുള്ളതും വിവിധ തലത്തിൽ കൂടുതൽ പരിശോധനയും അംഗീകാരവും ആവശ്യമുള്ളവയുമാണ്. ആയവയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിശോധന അനിവാര്യമാണ്. സാങ്കേതികമായി പരിശോധന ആവശ്യം വരുന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനറിന്റെ പരിഗണനയ്ക്കും അഭിപ്രായത്തിനുമായി അയയ്ക്കാറാണ് പതിവ്. ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഒരുമിച്ചിരുന്ന് ഫയലിൽ തീരുമാന മെടുക്കുന്നത് നല്ല ആശയം ആണെങ്കിലും നിലവിലെ സാഹചര്യങ്ങളിൽ പ്രായോഗിക മല്ല. |
| (ബി) | അനാവശ്യമായി ഫയലുകൾ മടക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ? | ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ